# പതിമൂന്നാം കേരള നിയമസഭ
# രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നം.1487 — 03.10.2011-ൽ മറുപടിയ്ക്ക്.

**ഫയൽ തീർപ്പാക്കൽ**

*ചോദ്യം* — ശ്രീ. എ. കെ. ശശീന്ദ്രൻ

*ഉത്തരം* — ശ്രീ. ഉമ്മൻ ചാണ്ടി (ബഹു. മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാരിന്റെ നൂറു ദിന പരിപാടിയുടെ ഭാഗമായുള്ള ഫയൽ തീർപ്പാക്കൽ യജ്ഞത്തിന്റെ ഭാഗമായി നടന്ന റിപ്പോർട്ടിൽ വിവിധ സർക്കാർ വകുപ്പുകളിലായി തീരുമാനം കാത്തു കിടക്കുന്ന എത്ര ഫയലുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | നൂറു ദിന പരിപാടിയുടെ ഭാഗമായി തയ്യാറാക്കിയ റിപ്പോർട്ടിൽ വിവിധ സർക്കാർ വകുപ്പുകളിലായി 2011 ആഗസ്റ്റ് 31 വരെ 5,85,226 ഫയലുകൾ തീരുമാനം കാത്ത് കിടക്കുന്നുണ്ട്. |
| (ബി) | രണ്ടു വർഷത്തിലധികമായി അന്തിമ തീരുമാനം കാത്തുകിടക്കുന്ന എത്ര ഫയലുകൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ; മേൽ പ്പറഞ്ഞ ഫയലുകളിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുമോ; | (ബി) | രണ്ടു വർഷത്തിലധികമായി തീരുമാനം കാത്തുകിടക്കുന്ന 1,71,256 ഫയലുകൾ ഉണ്ട്. ഇത്തരം ഫയലുകൾ തീവ്ര ഫയൽ തീർപ്പാക്കൽ അദാലത്തുകൾ നടത്തി 2011 സെപ്റ്റംബർ 30-ാം തീയതിക്കകം തീർപ്പുകൽപ്പിക്കാൻ എല്ലാ വകുപ്പു മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഫയലുകൾ പെൻഡിംഗ് വയ്ക്കുന്ന വകുപ്പുകളെ പ്രത്യേകം നിരീക്ഷിക്കാൻ സംവിധാനം ഏർപ്പെടുത്തുമോ; | (സി) | ഓരോ വകുപ്പിൽ നിന്നും പ്രതിമാസ പ്രവർത്തനാവലോകന പത്രികകൾ വാങ്ങി സമാഹരിച്ച് ഫയലുകളുടെ കാലപ്പഴക്കത്തിന്റെയും തീർപ്പാക്കിയതിന്റെ ശതമാനത്തിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കുകയും കൂടുതൽ പെൻഡിംഗ് ഫയലുകളുള്ള വകുപ്പുകളെ പ്രത്യേകം നിരീക്ഷിക്കുകയും പ്രസ്തുത വകുപ്പുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ അതാതു സമയങ്ങളിൽ നൽകുകയും ചെയ്തുവരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഓരോ മാസവും ഫയലുകളുടെ തീർപ്പുകളെ സംബന്ധിച്ച റിപ്പോർട്ട് ശേഖരിക്കാൻ വകുപ്പു തലവൻമാരെ ചുമതപ്പെടുത്തുകയും കൺസോളിഡേറ്റഡ് റിപ്പോർട്ട് ചീഫ് സെക്രട്ടറിക്ക് നൽകണമെന്ന നിർദ്ദേശം നടപ്പിൽ വരുത്തുകയും ചെയ്യുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | ഓരോ മാസവും വിവിധ വകുപ്പുകളിലെ ഫയലുകളുടെ വരവും അവയുടെ തീർപ്പാക്കലും അടങ്ങിയ പ്രതിമാസ പ്രവർത്തനാവലോകന പത്രിക, എല്ലാ വകുപ്പധ്യക്ഷൻമാരും സർക്കാരിന് നൽകുന്നുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ സമാഹരിച്ച് തയ്യാറാക്കുന്ന അവലോകന പത്രിക ചീഫ് സെക്രട്ടറിയ്ക്കും എല്ലാ വകുപ്പു സെക്രട്ടറിമാർക്കും നൽകിവരുന്നുണ്ട്. |

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ